പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :644 — 29.01.2019-ൽ മറുപടിക്ക്

## മുറ്റത്തെ മുല്ല ലഘുവായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>" സി.കൃഷ്ണൻ<br>" പി. ഉണ്ണി<br>" ആർ. രാജേഷ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേക്ക് നയിക്കാൻ പ്രാപ്തമാക്കും വിധം സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കുന്നതാണ്. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നല്കുന്ന എല്ലാ ആധുനിക രീതിയിലുള്ള സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്.<br>ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തും വിധം എ.റ്റി.എം സംവിധാനം, RTGS/NEFT, mobile banking സൗകര്യങ്ങൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ വഴി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ PACS ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് അവയുടെ കമ്പ്യൂട്ടർവത്കരണത്തിനായി 3 ലക്ഷം രൂപയും PACS-ന്റെ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കൽ, എ.റ്റി.എം അടക്കമുള്ള ആധുനിക സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ എന്നിവയ്ക്കായി 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നുണ്ട്. PACS കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി അതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗ്രാമീണ മേഖലയിലുള്ളവരെ വട്ടിപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് രക്ഷിച്ച് അവരുടെ സാമ്പത്തിക | (ബി) | വട്ടിപ്പലിശക്കാരുടെ ചൂഷണം ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ |

| | | | |
|---|---|---|---|
| | ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി മുറ്റത്തെ മുല്ല എന്ന ലഘുവായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | | കൂടുതൽ സാമ്പത്തിക സുരക്ഷിതത്വത്തിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |
| (സി) | എങ്കിൽ എത്ര രൂപയാണ് ഒരാൾക്ക് വായ്പയായി നൽകുന്നതെന്നും ഇതിന്റെ പലിശ നിരക്ക് എപ്രകാരമാണെന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതി പ്രകാരം 1000 രൂപ മുതൽ 25000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12 % പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് / വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. |
| (ഡി) | പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ /സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും, ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ജില്ല/ സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്കാണ്. |

**സെക്ഷൻ ഓഫീസർ**